"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ ടെണ്ടർനടപടികളിൽ ക്രമക്കേടുകൾ-ഉത്തരവാദികളായ ഓവർസിയർ ശ്രീ.അനീഷ് കെ.കെ., അസിസ്റ്റൻറ് എഞ്ചിനിയർ(Rtd) സന്തോഷ് സി.ജി., അസിസ്റ്റൻറ് എഞ്ചിനിയർ ജോജി യേശുദാസ്, അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനിയർ ശ്രീ.സന്തോഷ് കുമാർ എസ്. എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1691/2025/LSGD തീയതി,തിരുവനന്തപുരം, 07-07-2025

പരാമർശം:-

1. തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പിൽനിന്നുള്ള 10.10.2024-ലെ DB2/659/2024-LSGD നം.കത്ത്.
2. വിജിലൻസ്(ഡി) വകുപ്പിൽ നിന്നുള്ള 14.06.2024-ലെ വിജി-ഡി4/140/2024/വിജി നമ്പർ കത്ത്.
3. വിജിലൻസ് ഡയറക്ടറുടെ 01.06.2024-ലെ E10-(SC-71/2022/EKM) 32948/2024/DVACB നമ്പർ കത്ത്.
4. 02.12.2024-ലെ 212/ഇഡബ്ല്യൂഎ3/2024-തസ്വഭവ നം. കുറ്റപത്രം/കുറ്റാരോപണ പത്രിക.
5. അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനിയർ ശ്രീ.സന്തോഷ് കുമാർ എസ്, അസിസ്റ്റൻറ് എഞ്ചിനിയർമാരായ സന്തോഷ് സി.ജി., ജോജി യേശുദാസ്, ഓവർസിയർ ശ്രീ.അനീഷ് കെ.കെ. എന്നിവർ സമർപ്പിച്ച 30/12/24, 04/01/25 തീയതികളിലെ പ്രതിവാദപത്രികകൾ.
6. 03.03.2025-ലെ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/42267/2024-VIGCI നം. കത്ത്.

**<u>ഉത്തരവ്</u>**

ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ ടെണ്ടർനടപടികളിൽ ക്രമക്കേടുകൾ ഉണ്ടെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിൽ വിജിലൻസ്&ആൻ്റി കറപ്ഷൻ ബ്യൂറോ, എറണാകുളം യൂണിറ്റ് SC No. 71/2022/EKM നമ്പറായി നടത്തിയ മിന്നൽപരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. ഗവ.യു.പി.എസ് കീച്ചേരി പൂർത്തീകരണം എന്ന പേരിൽ നടത്തിയിട്ടുള്ള പ്രവൃത്തി മുൻ കാലത്ത് നടത്തിയ ഗവ.യു.പി.എസ്. കീച്ചേരി പൂർത്തീകരണം എന്നപേരിലുള്ള പ്രവൃത്തിയിൽ ചെയ്തിരുന്നതാണെന്ന് കണ്ടെത്തിയിരുന്നു. ആമ്പല്ലൂർ പഞ്ചായത്ത് A.E. completion certificate നൽകിയ ആദ്യ വർക്കിന്റെ നിർമ്മാണങ്ങളിലുൾപ്പെട്ട പ്രവൃത്തികൾ വീണ്ടും Pro.No.SO 185/22 completion work of Keechery School in ward 14 Amballoor Grama Panchayath എന്ന രണ്ടാമത്തെ വർക്കിൽ ഉൾപ്പെടുത്തിയതായി കണ്ടെത്തി. പ്രസ്തുത കുററത്തിന് ഉത്തരവാദികളായ ഓവർസിയർ ശ്രീ.അനീഷ് കെ.കെ., അസിസ്റ്റൻറ് എഞ്ചിനിയർമാരായ

സന്തോഷ് സി.ജി., ജോജി യേശുദാസ്, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ.സന്തോഷ് കുമാർ എസ്. എന്നിവർക്കെതിരെ KCS(CC&A)Rules 1960-Rule 16 പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുററപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.സന്തോഷ് കുമാർ എസ്. സമർപ്പിച്ച പ്രതിവാദപത്രികയിൽ** ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രോജക്ട് നം-37/19-20 കീച്ചേരി ഗവ.യു.പി.സ്കൂൾ കെട്ടിടനിർമ്മാണം എന്ന പ്രവൃത്തി നടന്നുവരവേ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന താഴ്ചയിൽ Hard Soil ലഭ്യമാകാത്തതിനാൽ കെട്ടിടത്തിന്റെ stability അനിവാര്യമാണെന്നുകണ്ട് ഫൗണ്ടേഷനിൽ ചില ഭേദഗതികൾവരുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് വീണ്ടും സാങ്കേതികാനുമതി ലഭ്യമാക്കിയെന്നും ഫൌണ്ടേഷൻ നിർമ്മാണത്തിന് ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയേക്കാൾ കൂടുതൽതുക ആവശ്യമുള്ളതിനാൽ ഒറിജിനൽ എസ്റ്റിമേറ്റിലെ ചില ഇനങ്ങൾ/അളവുകൾ കുറവുവരുത്തിയും ഒഴിവാക്കിയുമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചതെന്നും ആയത് പ്രകാരമാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്നും അസി.എഞ്ചിനിയർ കംപ്ലീഷൻസർട്ടിഫിക്കറ്റ് നൽകിയ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഒഴിവാക്കിയിരുന്ന പ്രവൃത്തികളും മറ്റ് അനിവാര്യമായ പ്രവർത്തികളും ഉൾപ്പെടുത്തിയാണ് ഗവ.യു.പി.സ്കൂൾ കീച്ചേരി പൂർത്തീകരണം എന്ന പുതിയ പദ്ധതിയ്ക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്ന ടിയാൻ TS No.99406/2020-21 Dated 23/02/2021 പ്രകാരം 1,98,431/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുള്ളതെന്നും ആദ്യ പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ട് നടപ്പാക്കിയ ഒരുപ്രവൃത്തിയും ടിയാൻ സാങ്കേതികാനുമതി നൽകിയിട്ടുള്ള പുതിയപദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും ടിയാൾ ബോധിപ്പിച്ചു.

കുറ്റപത്രത്തിന് **അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.സന്തോഷ് സി.ജി.** (സമർപ്പിച്ച പ്രതിവാദപത്രികയിൽ ഒരിക്കൽ കംപ്ലീഷൻസർട്ടിഫിക്കറ്റ് നൽകിയ പ്രൊജക്ടിന്റെ ഒറിജിനൽഎസ്റ്റിമേറ്റിൽ ഉൾപ്പെട്ട ചില ഐറ്റംസ്, റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഒഴിവാക്കുകയും, പിന്നീട് മേൽ ഐറ്റംസ് പുതിയ ഭരണാനുമതി വാങ്ങി പുതുതായി ടെണ്ടർചെയ്ത് നടപ്പിലാക്കിയെന്നതിൽ ഒരു നിയമവിരുദ്ധതയുമില്ല എന്നും പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സാങ്കേതികാനുമതി നൽകുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെയും അനുവാദം വാങ്ങിച്ച് ഈ ക്രമീകരണം വരുത്താവുന്നതാണെന്നും ആയതുവഴി കരാറുകാരന് എന്തെങ്കിലും തരത്തിലുള്ള സാമ്പത്തികലാഭം ഉണ്ടാക്കിയെന്നോ പൊതുഫണ്ടിൽനിന്ന് അധികചെലവുണ്ടായിയെന്നോ വിജിലൻസ് ആരോപിക്കുന്നില്ല എന്നും ഒറിജിനൽഎസ്റ്റിമേറ്റിൽ മുൻകൂട്ടിക്കാണാൻ സാധിക്കാത്ത അടിത്തറയുടെ അളവുകളിൽവന്ന വ്യത്യാസം മൂലം തുകതികയാതെ വന്നതിനാൽ ലഭ്യമായ തുകകൊണ്ട് പ്രവൃത്തി ചെയ്യുവെന്നും റാമ്പ്, സ്റ്റെയർ റൂം ഗ്രിൽ, ടെറസ് ഡോർ, വെന്റിലേറ്റർ, സ്റ്റെയർറൂം ഭിത്തിയുടെ തേപ്പ്, ഹാൻഡ് റെയിൽ, കെർബ് വാളുകൾ എന്നിവ പുതുക്കിയ എസ്റ്റിമേറ്റിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരത്തോടെ ഒഴിവാക്കിയെന്നും ഒഴിവാക്കിയവ ചെയ്യാനാണ് കമ്മിറ്റി പുതിയപദ്ധതി അനുവദിച്ചതെന്നും പദ്ധതി മികച്ചരീതിയിൽ പൂർത്തീകരിക്കാൻ സാധിച്ചുവെന്നും ആയതിനാൽ ആരോപണത്തിൽ നിന്നൊഴിവാക്കണമെന്നും ടിയാൻ ബോധിപ്പിച്ചിരുന്നു.

കുറ്റപത്രത്തിന് **അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ജോജി യേശുദാസ് സമർപ്പിച്ച പ്രതിവാദപത്രികയിൽ** കീച്ചേരി ഗവ. യു. പി. സ്കൂളിൽ നടത്തിയ 1) SO-120/20, ഗവ. യു. പി. എസ്. കീച്ചേരി കെട്ടിട നിർമ്മാണം (2) SO-231/21 -ഗവ. യു. പി. എസ്. കീച്ചേരി പൂർത്തീകരണം എന്നീ രണ്ടു പദ്ധതികളും വ്യത്യസ്തമാണെന്നും ആദ്യപദ്ധതിയുടെ എസ്റ്റിമേറ്റിനും റിവൈസ്ഡ്

എസ്റ്റിമേറ്റിനും സാങ്കേതികാനുമതി ലഭിച്ചിരിയ്ക്കുന്നത് ജില്ലാപഞ്ചായത്തിൽ നിന്നാണെന്നും എസ്റ്റിമേറ്റ് റിവൈസ് ചെയ്തതുമൂലം പദ്ധതിയുടെ കംപ്ലീഷൻ വർക്ക് പൂർണ്ണമായും ചെയ്യാൻ കഴിഞ്ഞിരുന്നില്ലയെന്നും റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന പ്രവർത്തികൾക്കാണ് മുൻ അസി.എഞ്ചിനീയർ കംപ്ലീഷൻസർട്ടിഫിക്കറ്റ് നൽകിയിരുന്നതെന്നും രണ്ടാമത്തെ പ്രവൃത്തിയിൽ ആദ്യപ്രവൃത്തിയുടെ റിവൈസ്ഡ്എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന ഒരു പ്രവർത്തിയും ഉൾപ്പെട്ടിട്ടില്ലയെന്നും തനത്, സി.എസ്.ആർ ഫണ്ടുകൾ ഉപയോഗിച്ചാണ് രണ്ടാമത്തെ പദ്ധതി ഏറ്റെടുത്തിരുന്നതെന്നും സ്കൂൾ വിദ്യാർത്ഥികൾക്ക് സുരക്ഷിതമായി വിദ്യാഭ്യാസം നടത്തുന്നതിന് ആവശ്യമായ റാമ്പ്, സ്റ്റെയർ റൂം ഗ്രിൽ, ടെറസ്സ് ഡോർ, വെന്റിലേറ്റർ, ഹാൻഡ് റെയിൽ, റൂഫ് ഷീറ്റിങ്ങ് എന്നിവയാണ് എസ്റ്റിമേറ്റിലെ പ്രധാന പ്രവൃത്തികളെന്നും ഈ എസ്റ്റിമേറ്റാണ് ടെണ്ടർ ചെയ്തിട്ടുള്ളതെന്നും ആദ്യപ്രവർത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന ഒരുപ്രവർത്തിയും രണ്ടാമത്തെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയോ അധികമായി പേയ്മെന്റ് നൽകുകയോ ചെയ്തിട്ടില്ലയെന്നും ടിയാൻ അറിയിച്ചിരുന്നു.

കുറ്റപത്രത്തിന് **ഓവർസിയർ ശ്രീ.അനീഷ് കെ.കെ. സമർപ്പിച്ച പ്രതിവാദപത്രികയിൽ** അനുവദിക്കപ്പെട്ട ഫണ്ടിൽ പരിമിതപ്പെടുത്തി കെട്ടിടം നിർമ്മിയ്ക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും നിർമ്മാണസമയത്ത് ഒറിജിനൽഎസ്റ്റിമേറ്റിൽ നിന്നും മാറ്റംവരുത്തേണ്ട സാഹചര്യം വന്നതിനെ തുടർന്ന് എസ്റ്റിമേറ്റ്തുകയിൽ പരിമിതപ്പെടുത്തി ആവശ്യമായ ഭേദഗതി വരുത്തുന്നതിന് ഭരണസമിതി അംഗീകാരം നൽകിയിട്ടുള്ളതും ആയതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ടെന്നും കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഗവ.യു.പി.എസ്.കീച്ചേരി പൂർത്തീകരണം എന്ന പദ്ധതി വെച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയപ്പോൾ റാമ്പ്, സ്റ്റെയർ റൂം ഗ്രിൽ, ടെറസ് ഡോർ, വെന്റിലേറ്റർ, ഹാൻഡ് റെയിൽ, റൂഫ് ഷീറ്റിങ്ങ് മുതലായ പ്രവൃത്തികൾ നടത്തിയിരുന്നില്ലാത്തതിനാലും കെട്ടിട പൂർത്തീകരണത്തിന് ആയത് ആവശ്യമായിരുന്നതിനാലുമാണ് ടി ഇനങ്ങൾ ഉൾപ്പെടുത്തി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും ഒരു പ്രാവശ്യം നിർമ്മാണം നടത്തിയ ഇനങ്ങൾ ഉൾപ്പെടുത്തി കൊണ്ട് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലായെന്നും ടിയാൻ അറിയിച്ചിരുന്നു.

**പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിവാദപത്രികകളിന്മേലുള്ള അഭിപ്രായക്കുറിപ്പിൽ** ആദ്യപദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചിട്ടുള്ള യാതൊരു പ്രവൃത്തിയും രണ്ടാമത്തെ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും ബിൽതുക മാറി നൽകിയിട്ടില്ലാത്തതിനാലും ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ല എന്ന് അഭിപ്രായപ്പെടുന്നു.

വിജിലൻസ് അന്വേഷണറിപ്പോർട്ട്, കുറ്റാരോപിതരുടെ എതിർവാദപത്രികകൾ, പ്രിൻസിപ്പൽ ഡയരക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു. കീച്ചേരി ഗവ. യു. പി. എസ്-ൽ മുമ്പുനടത്തിയ വർക്കിൽ കംപ്ലീഷൻസർട്ടിഫിക്കറ്റ് നൽകിയ നിർമ്മാണപ്രവൃത്തികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ വീണ്ടും ഉൾപ്പെടുത്തി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി എന്നതാണ് കുറ്റാരോപിതർക്കെതിരായ ആരോപണം. ഒറിജിനൽഎസ്റ്റിമേറ്റിൽ മുൻകൂട്ടിക്കാണാൻ സാധിക്കാത്ത അടിത്തറയുടെ അളവുകളിൽവന്ന വ്യത്യാസം മൂലമാണ് ഒറിജിനൽഎസ്റ്റിമേറ്റിൽ നിന്നും മാറ്റം വരുത്തേണ്ട സാഹചര്യം വന്നതെന്നും രണ്ടാമത്തെ പ്രവൃത്തിയിൽ ആദ്യ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന ഒരു പ്രവൃത്തിയും ഉൾപ്പെട്ടിട്ടില്ല എന്നും ആദ്യത്തെ എസ്റ്റിമേറ്റിൽ ഒഴിവാക്കിയ റാമ്പ്, സ്റ്റെയർ റൂം ഗ്രിൽ, ടെറസ് ഡോർ, വെന്റിലേറ്റർ, ഹാൻഡ് റെയിൽ, റൂഫ് ഷീറ്റിങ്ങ് എന്നീ സ്കൂൾ വിദ്യാർത്ഥികൾക്ക്

സുരക്ഷിതമായി വിദ്യാഭ്യാസം നടത്തുന്നതിന് അനിവാര്യമായ, ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് ഒഴിവാക്കിയിരുന്ന ചില ഇനങ്ങളും പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ ചില പുതിയ സൗകര്യങ്ങളുമാണ് രണ്ടാമത്തെ പദ്ധതിയുടെ എസ്റ്റിമേറ്റിലുള്ളത് എന്നും തനത്, സി.എസ്.ആർ ഫണ്ടുകൾ ഉപയോഗിച്ചാണ് രണ്ടാമത്തെ പദ്ധതി ഏറ്റെടുത്തതെന്നതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നും ബിൽതുക മാറിനൽകിയിട്ടില്ല എന്നും കാണുന്നു. പ്രവൃത്തി CSR ഫണ്ട് ഉപയോഗിച്ച് ചെയ്തതിനാൽ സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടില്ല എന്ന് വിജിലൻസും അഭിപ്രായപ്പെടുന്നുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് ഒഴിവാക്കിയ ഇനങ്ങൾ പദ്ധതിയുടെ പൂർത്തീകരണത്തിന് തയ്യാറാക്കിയ പുതിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടു എന്നതുകൊണ്ട് അഴിമതി നടന്നു എന്ന് പറയാനാവില്ല. പ്രൊജക്ട് നടപ്പിലാക്കിയപ്പോൾ സൈറ്റിലുണ്ടായ മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നു എന്നതും വർക്ക് പൂർത്തീകരിക്കുന്നതിനായി ആവശ്യമായവ ഉൾപ്പെടുത്തിയാണ് രണ്ടാമത്തെ പ്രൊജക്ട് ചെയ്തത് എന്നും ആയതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയോ അഴിമതിയോ ഉണ്ടായിട്ടില്ല എന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ, ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ "ഗവൺമെന്റ് യുപിഎസ് കീച്ചേരി പൂർത്തീകരണം" എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ കുറ്റാരോപിതരായ **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ.സന്തോഷ് കുമാർ എസ്. അസിസ്റ്റന്റ് എഞ്ചിനിയർ (Retired since 31.03.2025) ശ്രീ.സന്തോഷ് സി.ജി. , അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ജോജി യേശുദാസ്, ശ്രീ.അനീഷ് കെ.കെ., ഓവർസിയർ എന്നിവരെ കുറ്റക്കാരല്ലെന്ന് കണ്ട് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 1 6 പ്രകാരമുള്ള അച്ചടക്കനടപടി തീർപ്പാക്കി** ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീ. അനീഷ് കെ.കെ.(PEN:673119), ഓവർസിയർ
2. ശ്രീ. സന്തോഷ് സി.ജി.(PEN:457028), അസിസ്റ്റന്റ് എഞ്ചിനിയർ(Rtd)
3. ശ്രീ. ജോജി യേശുദാസ്(PEN:473898), അസിസ്റ്റന്റ് എഞ്ചിനിയർ
4. ശ്രീ. സന്തോഷ് കുമാർ എസ്.(PEN:130274), അസി.എക്സി. എഞ്ചിനിയർ

**(1-4തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**

5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
6. തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ് ( 10.10.2024ലെ DB2/659/2024-LSGD നം.കുറിപ്പ് പ്രകാരം )
7. വിജിലൻസ് ഡയറക്ടർ,തിരുവനന്തപുരം.
8. വിജിലൻസ് (ഡി) വകുപ്പ്( 14.06.2024 തീയതിയിലെ വിജി-ഡി4/140/2024/വിജി നമ്പർ കുറിപ്പ് പ്രകാരം)
9. തദ്ദേശ സ്വയംഭരണ(EWB) വകുപ്പ്(ഡി.പി.സി. ലിസ്റ്റ് സംബന്ധിച്ച അനന്തര നടപടിക്കായി)
10. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.

11. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്.
12. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 08-07-2025 11:10:20
സെക്ഷൻ ഓഫീസർ